പതിമൂന്ന് കിലോഗ്രാം ഗഞ്ചാവുമായി അതിഥി തൊഴിലാളി പിടിയിൽ. ആസാം ഗാരമാരി സ്വദേശി റാഷിദ് അലി (37 )യെയാണ് കുന്നത്തുനാട് പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ നാല് വർഷമായി കേരളത്തിൽ വിവിധ സ്ഥലങ്ങളിലായി ജോലി ചെയ്ത് വരുന്നയാളാണ്. കിലോയ്ക്ക് 3000 രൂപയ്ക്ക് ആസാമിൽ നിന്നും കൊണ്ടുവന്ന ഗഞ്ചാവ് ചെറിയ പൊതികളാക്കി അഞ്ഞൂറും , ആയിരവും രൂപയ്ക്കാണ് ഇയാൾ വിറ്റിരുന്നത്.